


ടി.പി.ഒ നസ്റുദ്ദീൻ

*ലൈബ്രറി വിഭാഗം*

# ഗ്രന്ഥശാലാരംഗത്തെ ആധുനിക സാങ്കേതിക വിദ്യകൾ

കമ്പ്യൂട്ടർ വിദ്യയും പ്രയോഗവും, വാർത്താവിനിമയ സാങ്കേതിക വിദ്യയുമായി കൈകോർത്തപ്പോൾ ഉണ്ടായ മാറ്റങ്ങൾ ലോകത്തെ വിജ്ഞാന വിസ്ഫോടനത്തിലേക്ക് തന്നെ നയിച്ചു. ഗ്രന്ഥ ശാലകളുടെ നാല് ചുവരുകൾക്കുള്ളിൽ ഗ്രന്ഥങ്ങളിൽ മാത്രം അടക്കം ചെയ്യപ്പെട്ടിരുന്ന വിജ്ഞാന വിവരങ്ങൾ രാജ്യാതിർത്തികൾ ലംഘിച്ച് അതിർ വരമ്പുകളില്ലാതെ ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു വലിയ വിജ്ഞാന വിവര പ്രളയം തന്നെ സൃഷ്ടിച്ചു.

മാനവ ചരിത്രത്തിൽ വിജ്ഞാന വ്യാപനവുമായി ബന്ധപ്പെട്ട് നാല് പ്രധാനപ്പെട്ട കണ്ടുപിടുത്തങ്ങളാണുണ്ടായിട്ടുള്ളത്. അതിൽ ആദ്യത്തേത്, അയ്യായിരം വർഷങ്ങൾക്ക് മുമ്പ് ഈജിപ്ത്യൻ സംസ്ക്കാരത്തിൽ തുടങ്ങിവെച്ച എഴുത്ത് വിദ്യയാണ് (Writing Skill). അതിന് ശേഷം ഏതാണ്ട് മൂവ്വായിരം വർഷങ്ങൾക്ക് മുമ്പ് ഗ്രീക്കുകാർ വികസിപ്പിച്ചെടുത്ത അക്ഷരമാലയാണ് (Alphabet) അതിൽ രണ്ടാമത്തേത്, ഏതാണ്ട് എഴുനൂറ് വർഷങ്ങൾക്ക് മുമ്പ് കൊറിയക്കാർ കണ്ടുപിടിച്ചതും, പിന്നീട് ഗുട്ടൻ ബർഗ് (guttan berg) സ്വതന്ത്രമായി വികസിപ്പിച്ചെടുത്തതുമായ അച്ചടി വിദ്യയാണ് വാർത്താവിനിമയത്തിലെ മൂന്നാമത്തെ കണ്ടുപിടുത്തം. ഈ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ആരംഭിച്ച കമ്പ്യൂട്ടർ വിദ്യയാണ് വിജ്ഞാന ചരിത്രത്തിലെ നാലാമത്തേതും അതി പ്രധാനമായ കണ്ടുപിടുത്തം



അച്ചടി വിദ്യയുടെ ഫലമായി പുസ്തകങ്ങളുടെ താളുകളിൽ (Print media) മാത്രം മയങ്ങിക്കിടന്നിരുന്ന വിജ്ഞാന വിവരങ്ങൾ അതിന്റെ ആലസ്യം വിട്ട്, സാങ്കേതിക വിദ്യയുടെ ഫലമായ വിജ്ഞാന വിസ്ഫോടനത്തിന് വിധേയമായി, ഞൊടിയിടയിൽ എത്ര ദൂരവും താണ്ടി ആവശ്യക്കാരന്റെ (User) കൈകളിൽ എത്തിച്ചേരുന്ന സംവിധാനമുണ്ടായി. E-mail, Internet, On -Line database, Information superhighway തുടങ്ങി വാർത്താവിനിമയ സൗകര്യങ്ങൾ ഇന്ന് ലോകത്ത് എവിടെയും ലഭ്യമാണ്.

വിജ്ഞാന വിവരങ്ങൾ ശേഖരിച്ച് വെക്കാനുള്ള കമ്പ്യൂട്ടറുകളുടെ കഴിവ് (information Storage) നാൾക്ക് നാൾ വർദ്ധിച്ച് വരുന്നതായി കാണുന്നു. രണ്ടുലക്ഷം അച്ചടിത്താളിലെ (Print Media) വിവരങ്ങൾ ഒരൊറ്റ ഡിസ്കിൽ (CD Rom) ശേഖരിച്ച് സൂക്ഷിക്കാൻ കഴിയുമെന്നത് തന്നെ കമ്പ്യൂട്ടറിന്റെ കഴിവ് വ്യക്തമാകുന്നു.

വർദ്ധിച്ച വിജ്ഞാനവിവരത്തിന്റെ അളവും സങ്കീർണതയും ഒരു ലൈബ്രറിക്ക്, അത് എത്ര വലുതാകട്ടെ, അവശേഖരിച്ച് സൂക്ഷിച്ച് വെക്കാനുള്ള അപര്യാപ്തതക്ക് കാരണമാകുന്നു. അച്ചടി മാധ്യമങ്ങളുടെ വർദ്ധിച്ച വില, സാമ്പത്തിക ഞെരുക്കം, സ്ഥല പരിമിതി, ശാസ്ത്രീയമായ സംവിധാനം തുടങ്ങിയ മറ്റു ഘടകങ്ങളും ലൈബ്രറികളുടെ ഈ അപര്യാപ്തതക്ക് കാരണങ്ങളാകുന്നു. ലൈബ്രറികളുടെ ഈ അപര്യാപ്തത ചെറിയ ലൈബ്രറികൾ വലിയ ലൈബ്രറികളെ അശ്രയിക്കാനും, അല്ലെങ്കിൽ ലൈബ്രറികൾ പരസ്പരം ആശ്രിയിക്കാനും, അവകളുടെ വിഭവങ്ങൾ പരസ്പരം പങ്ക് വെക്കാനും ഇടയാക്കുന്നു. ഇതിനെയാണ് ഗ്രന്ഥശാല സഹകരണം അല്ലെങ്കിൽ റിസോഴ്സ് ഷെയറിങ്ങ് (Resource Sharing) എന്ന് വിളിക്കുന്നത്. ഈ രംഗത്ത് കമ്പ്യൂട്ടർ വാർത്തവിനിമയ സാങ്കേതിക വിദ്യകൾ നടത്തിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഒരു വലിയ വിപ്ലവം തന്നെ സൃഷ്ടിച്ചിരിക്കുകയാണ്. ഇതിന്റെ മുന്നോടിയായി ലൈബ്രറികളിലെ വിജ്ഞാന വിവരങ്ങളെ ഒരു സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുകയും (Data base) പിന്നീട് ഈ ഡാറ്റാ ബേസുകളെ വാർത്താവിനിമയ വിദ്യയുടെ സഹായത്തോടെ ലോകത്തെവിടെയും വ്യാപിക്കുന്നതുമായ സംവിധാനത്തിനാണ് ലൈബ്രറി അല്ലെങ്കിൽ ഇൻഫോർമേഷൻ നെറ്റ് വർക്ക് എന്ന് വിളിക്കുന്നത് (Information Network). ഇത്തരം വിജ്ഞാന വിവര ശൃംഖലകൾ ഇന്ന് ലോകത്ത് എല്ലാ മേഖലകളിലും സൃഷ്ടിക്കപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. ഇത്തരം നെറ്റ് വർക്കുകളുടെ ശേഖരത്തെയാണ് (Internet) ഇന്റർനെറ്റ് ന്ന് പേരിൽ വിളിക്കപ്പെടുന്നത്. ഇന്ത്യയിൽ ഇത്തരം നെറ്റ് വർക്കുകൾ ദേശീയ തലത്തിലും, പ്രാദേശികതലങ്ങളിലും സജ്ജമാക്കപ്പെട്ടിട്ടുണ്ട്. Nicnet, Indonet, Ernet, Delnet, Punenet, Bdmnet, HYnet തുടങ്ങിയത് ഇതിൽ ഏതാനും ചിലത് മാത്രമാണ്. ശാസ്ത്രസാങ്കേതിക രംഗത്ത് ഇത്തരം ധാരാളം നെറ്റ്‌വർക്കുകൾക്ക് രൂപം കൊടുക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ പ്രധാനപ്പെട്ട സർവ്വകലാശാലകളെയും, മറ്റ് ഉയർന്ന ഗവേഷണശാലകളെയും ബന്ധപ്പെടുത്തികൊണ്ടുള്ള ശൃംഖലയെയാണ് (NFLIENET) എന്ന പേരിലറിയപ്പെടുന്നത്.




ജെറിഷ് കെ. വി, ശ്രീജിത്ത്. കെ

# കലാലയ വായന



*വളരെ പണ്ട് മുതൽക്ക്തന്നെ ലൈബ്രറികൾ നമ്മുടെ നാട്ടിൽ നിലനിന്നിരുന്നതായി ചരിത്രഗ്രന്ഥങ്ങൾ സൂചിപ്പിക്കുന്നു. ലൈബ്രറികൾക്ക് മുമ്പ് ഗുരുകുലാചാര്യൻമാരും, വിദ്വാൻമാരും ആയിരുന്നു വിജ്ഞാന കേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്നത്. മനുഷ്യ മനസ്സുകളിൽ ഉൾക്കൊള്ളാനാവാത്ത വിധം വിജ്ഞാനം വളർന്നപ്പോൾ തനിക്കറിയാവുന്ന വിവരങ്ങൾ അറിയാവുന്ന ഭാഷയിൽ മൃഗത്തോൽ, മര്ത്തോൽ, കളിമൺ പലക, ഇല എന്നിവകളിൽ മനുഷ്യർ രേഖപ്പെടുത്തി വെച്ചു തുടങ്ങി. കടലാസ് നിർമ്മാണം കണ്ടുപിടിക്കപ്പെട്ടതൊടെ, കടലാസ്സിലായിരേഖപ്പെടുത്തൽ. അച്ചടി വിജ്ഞാനത്തെ ജനകീയവൽക്കരിച്ചു. പുസ്തങ്ങളുടെ ഉപയോഗം വർദ്ധിക്കുകയുണ്ടായി. അന്ന് നിലനിന്നുരുന്ന സാമൂഹ്യ, സാംസ്ക്കാരിക നിലപാടനുസരിച്ച് വിജ്ഞാന രേഖകളുടെ സംരക്ഷണത്തിനും ശേഖരണത്തിനുമായി പ്രത്യേക സ്ഥാപനങ്ങൾ നിലവിൽ വന്നു. ഇവയാണത്രെ ലൈബ്രറികൾ.*

പുസ്തക വായനയുടെ സ്വാധീനം കുറയുകയും ആ സ്ഥാനത്ത് ഇന്റർനെറ്റ് കയ്യടക്കുകയും ചെയ്യുന്നുവെന്നാണ് ഒന്നാം വർഷ ബി.കോം വിദ്യാർത്ഥിനിയായ സാബിറ ചൂണ്ടിക്കാട്ടുന്നത്. പുസ്തകങ്ങളെക്കുറിച്ച് ഭാവിക്കുന്നത് അനുജനായിട്ടാണ്. പുതുതായി വരുന്ന ലൈബ്രറിയിൽ പുസ്തകങ്ങൾ സ്വന്തമായി തെരെഞ്ഞടുക്കുവാൻ സൗകര്യം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ആവശ്യകതയെക്കുറിച്ച് ബോധമില്ലാത്തതു കൊണ്ടാണ് വായന സമൂഹത്തിൽ കുറഞ്ഞുവരുന്നതെന്നാണ് രണ്ടാം വർഷ സോഷ്യോളജി വിദ്യാർത്ഥിനിയായ ദീപ്തിയുടെ പക്ഷം. ഒഴിവുസമയങ്ങൾ മെഗാസീരിയലുകൾ കവർന്നെടുക്കുന്നു. വായിക്കുന്ന പുസ്തകങ്ങളെക്കുറിച്ച് ചർച്ച ചെയ്യാറുണ്ട് ''പൈങ്കിളി''കളെ പൂർണ്ണമായി മാറ്റി നിർത്താറില്ല.

ടി.വിയും ഇന്റർനെറ്റും രണ്ടാം വർഷ മലയാള വിദ്യാർത്ഥിനിയായ സെമീനയുടെ വായന ചുരുക്കുന്നു. വായിക്കുകയാണെങ്കിൽ അത് വനിതാ പ്രസിദ്ധീകരങ്ങളിൽ ഒതുങ്ങുന്നു. പോകുന്നതിന് മുമ്പ് പുതിയ ലൈബ്രറിയിൽ കയറാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ഒന്നാം വർഷ പി.ജി. വിദ്യാർത്ഥിയായ നൗഷാദ് തനിക്ക് ചുറ്റും ചെറുതാണെങ്കിലും വായിക്കുന്ന സമൂഹമുണ്ടെന്ന ആശ്വാസത്തിലാണ്. ഉന്നതവിദ്യാഭ്യാസത്തിന് സജ്ജമാകുന്ന പുതിയ ലൈബ്രറി മുതൽകൂട്ടാണെന്ന് കരുതുന്നു. ഓഡിയോവിഷൽ തീയേറ്റർ ഭാഷാപഠനത്തേ സഹായിക്കും.

സമയപരിമിതി എം.കോം. വിദ്യാർത്ഥിയായ മൻസൂറിന്റെ വായനയെ ടെക്സ്റ്റ് ബുക്കുകൾക്കപ്പുറമെത്തിക്കുന്നില്ല. ഒരു മികച്ച കലാലയമായ ഫാറൂഖ് കോളേജിന് സാമൂഹ്യ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടാനാവില്ല. അതിനാൽ ലൈബ്രറി അൽപ്പസമയമെങ്കിലും പൊതുജനങ്ങൾക്കൂടി ഉപയോഗപ്രദമാക്കണം.

വായിക്കാൻ ധാരാളം സമയം കണ്ടെത്തിയിരുന്ന ഒന്നാംവർഷ ഇംഗ്ലീഷ് വിദ്യാർത്ഥിനിയായ ഉസ്നഉസ്മാൻ തന്നിലുള്ള ടി.വി.യുടെ സ്വാധീനം തിരിച്ചറിയുന്നു. അകന്നുപോയ പുസ്തകലോകം തിരിച്ചു പിടിക്കാനുള്ള ശ്രമത്തിലാണവൾ.

വായനയുടെ മഹത്വം മനസ്സിലാക്കിയവർ അതിൽ മുഴുകുന്നു. അല്ലാത്തവർ മൂന്നാംകിട മാധ്യമങ്ങൾക്കടിമപ്പെടുന്നുവെന്നാണ് രണ്ടാംവർഷ മലയാളം വിദ്യാർത്ഥിയായ രാജീവിന്റെ വിലയിരുത്തൽ. വാനയുടെ ആവശ്യകതയെക്കുറിച്ചുള്ള ബോധവത്കരണത്തിന്റെ അഭാവം ഇന്നത്തേ ക്യാമ്പസുകൾ വിളിച്ചുപറയുന്നു.

ഒന്നാം വർഷ ഇക്കണോമിക്സ് വിദ്യാർത്ഥിനിയായ ഹസീനക്ക് ജീവിതത്തിൽ നേരിട്ട പ്രതിസന്ധികളെ തരണം ചെയ്യാൻ പരന്ന വായന സഹായിച്ചു. ക്യാമ്പസിലും വീട്ടിലും ഒറ്റപ്പെടുന്നതിൽ നിന്നുമുള്ള മോചനമാണ് വായന. തിരക്കുപിടിച്ച ജീവിത

ത്തിൽ, നിർമ്മാണത്തിലിരിക്കുന്ന കമ്പ്യൂട്ടർ ലൈബ്രറി ഫലപ്രദമാണ്.

പുസ്തകങ്ങളെപ്പറ്റി ചർച്ചചെയ്യാൻ നല്ല സുഹൃത്തില്ലാത്തതിന്റെ വിഷമം രണ്ടാംവർഷ ഫിസിക്സ് വിദ്യാർത്ഥിയായ യാസിറിനെ അല ട്ടുന്നു. മൂല്യവത്തായ പല പുസ്തകങ്ങളുടെയും കോപ്പികളുടെ കുറവ് അതിന്റെ സുഗമമായ ലഭ്യ തക്ക് തടസ്സമാകുന്നു. നമ്മുടെ പുതിയ ലൈബ്രറി ഈ കുറവ് പരിഹരിക്കുമെന്ന് പ്രത്യാശിക്കുന്നു.


ടെക്സ്റ്റ് ബുക്കുകളിൽ മാത്രം ഒതു ങ്ങിനിൽക്കുന്ന ഇന്നത്തെ വിദ്യാർത്ഥികളുടെ വായന ക്യാമ്പസിനെ വിരസമാക്കുന്നു. ലൈബ്ര റി, കോളേജ് ജീവിതത്തിന്റെ അനുഭവമാക്ക ണമെന്ന് രണ്ടാംവർഷ സുവോളജി വിദ്യാർത്ഥി യായ അർച്ചന ആഗ്രഹിക്കുന്നത്. വായനശീല മാക്കിയ സുഹൃത്തുക്കളുമായുള്ള സഹവാസം വല്ലാത്തൊരനുഭൂതിയാണ്.

ഇൻഫർമേഷൻ ടെക്നോളജിയുടെ അതിപ്ര സരം ഓരോ മനുഷ്യനേയും അവരി ലേക്കുതന്നെ ഒതുക്കുന്നു. അതുകൊണ്ട് തന്നെ മറ്റൊരാളുടെ അനുഭവം ഉൾക്കൊള്ളാൻ ആർക്കും സാധിക്കുന്നില്ല. ഇത് വായനയുടെ പ്രാധാന്യം കുറക്കുന്നതായി ഒന്നാംവർഷ പി.ജി. വിദ്യാർത്ഥി ഷെർഹാൻ ചൂണ്ടിക്കാട്ടി.

രണ്ടാംവർഷ സോഷ്യോളജി വിദ്യാർത്ഥി യായ സുജിത്ത് വായനകുറയുന്നു എന്ന വാദ ഗതിയോട് ഒട്ടും യോജിക്കുന്നില്ല. എന്നാൽ 'മ' പ്രസിദ്ധീകരണങ്ങൾ വായനയുള്ള സർവ്വമേഖ ലയേയും കീഴടക്കി. പൈങ്കിളി പ്രസിദ്ധീകരണ ങ്ങളുടെ വായന തന്റെ പല സുഹൃത്തുക്ക ളേയും തെറ്റായി വിലയിരുത്താൻ കാരണമായി ട്ടുണ്ട്.

### അക്ബർ കക്കട്ടിൽ

പ്രശസ്ത സാഹിത്യകാരനും നമ്മുടെ പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീ കക്കട്ടിൽ വായനയുടെ ഭാവിയെപ്പറ്റി ശുഭാപ്തി വിശ്വാസം വെച്ചുപു ലർത്തുന്നു. എഴുപതുകളിൽ നിന്നും വ്യത്യസ്ഥ മായി, വർത്തമാനകാല ക്യാമ്പസുകളിൽ ചൂടു ള്ള സാഹിത്യചർച്ച നടക്കാതിരിക്കുന്നതിനുള്ള കാരണം പരന്ന വായനയുടെ അഭാവമല്ലാതെ മറ്റൊന്നുമല്ല. ഇലക്ട്രോണിക്ക് മാധ്യമങ്ങളോ ടുള്ള ആരംഭാഭിനിവേശമാണ് വായനകുറയാ നുള്ള പ്രധാന കാരണം. ഇന്ന് മാധ്യമങ്ങൾ ആഴ ത്തിൽ വേരൂന്നി ക്കഴിഞ്ഞ അമേരിക്ക ക്കുപോലും പുസ്തക പ്രസിദ്ധീകരണത്തിൽ ആദ്യകാലത്ത് ഈ പ്രതിസന്ധി നേരിടേണ്ടി വന്നിട്ടുണ്ട്. ദൃശ്യമാധ്യമങ്ങൾ സാധാരണ വൽക്കരിക്കപ്പെടുന്നതോടെ ഇന്ത്യയിലും ഇതു തന്നെ ആവർത്തിക്കും. മറ്റെന്തിനേയും പോലെ, സാഹിത്യ പ്രവർത്തനത്തിനും നൂതന സാങ്കേ തിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നത് സ്വാഗ താർഹമാണ്. ഓഡിയോയിലും വീഡിയോ യിലും വരുന്ന സൃഷ്ടികൾ ജനങ്ങളുടെ വ്യത്യ സ്തങ്ങളായ താൽപര്യങ്ങളുടെ പ്രതിഫലനമാ ണ്. ജനങ്ങൾ കൂടുതൽ സ്വാതന്ത്ര്യവും സൗക



ര്യവും ആഗ്രഹിക്കുന്നതിനാൽ പുസ്തക രൂപത്തിലുള്ള പ്രസിദ്ധീകരണങ്ങളുടെ സാധ്യതകൾക്ക് മങ്ങലേൽക്കുന്നില്ല. ഇത്തരത്തിൽ ചിന്തിക്കുമ്പോൾ ഫാറൂഖ്കോ ളേജിലെ പുതിയ ലൈബ്രറി കാലത്തിന്റെ അനിവാര്യതയാണ്.

### പി.കെ. പാറക്കടവ്

അഞ്ച് വർഷത്തോളം ഫാറുഖ്കോളേജിന്റെ ഹൃദയം തൊട്ടറിഞ്ഞ പി.കെ.പാറ ക്കടവ്, വായനയുടെ ഭാ വിയിൽ അസ്വസ്ഥനാകുന്നില്ല. ഫാറൂഖിന്റെ കുന്നിൻ ചെരു വിലും ചവോക്ക് മരച്ചുവട്ടിലും നടന്നിരുന്ന സാഹിത്യചർച്ചകളെ അദ്ദേഹം ഗൃഹാ തുരത്യത്തോടെ ഓർക്കുന്നു. സാഹിത്യം മരിക്കുകയോ വായനകുറയുകയോ ചെയ്യു ന്നില്ല. വായനയുടെ ഭാവിയെപ്പറ്റിയുള്ള ആശങ്ക സംസ്ഥാനത്താണ്. എന്നും കാല ത്തിന്റെ മുമ്പേ നടക്കുന്ന ഫാറൂഖ് കോളേജിലെ ആധുനിക സാങ്കേതികവിദ്യ പര മാവധി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പുതിയ ലൈബ്രറി പുത്തൻ തലമുറയുടെ ഒരു മഹാഭാഗ്യമാണ്.

### കെ.ഇ.എൻ.

പ്രശസ്ത നിരൂപകനും ഫാറൂഖ് കോളേജിലെ മലയാളം അദ്ധ്യാപകനുമായ ശ്രീ.കെ.ഇ.എൻ, ആധുനിക സമൂഹം വായനയെ നോക്കിക്കാണുന്നതിൽ അസം തൃപ്തനാണ്. പത്രം വായിക്കുന്നതിൽ നിന്നും കാണലിലേക്ക് മാറിക്കൊണ്ടിരിക്കു ന്നു. വായനക്കാരിൽ അനുഭൂതി കണ്ടെത്തുന്ന ജനത ഇന്നില്ല. വായനയുടെയും ചർച്ചയുടേയും അഭാവം ഇന്നിന്റെ ക്യാമ്പസുകളിൽ ചിന്തകൾ നഷ്ടപ്പെട്ട ഒരു വര ണ്ടലോകത്തേയാണ് പ്രതിനിധാനം ചെയ്യുന്നത്. പഠനം ടെക്സ്റ്റ് പുസ്തകങ്ങളിൽ ഒതുങ്ങുന്നു. വിദ്യാഭ്യാസരംഗത്തുള്ള "കഴുത്തറുപ്പൻ മത്സരം" സാഹിത്യ പുസ്ത ങ്ങളുടെ പഠനത്തിൽ പോലും ഗൈഡുകളെമാത്രം ആശ്രയിക്കുന്ന വേദനാജനക മായ അവസ്ഥയിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുന്നു. നമ്മുടെ ലൈബ്രറിയിൽ വളരെ പ്രധാനപ്പെട്ടതും എന്നാൽ ഒരു തവണപോലും സ്പർശിക്കാത്തതുമായ ഒട്ട നവധി പുസ്തകങ്ങളുണ്ട്. നിരന്തര പഠനത്തിനും ഗവേഷത്തിനും ഉപയോഗപ്രദ മാകണം ലൈബ്രറികൾ.

### മയ്യനാട് ഷാഹുദ്ദീൻ

ഫാറുഖ്കോളേജ് മലയാളം വിഭാഗം അദ്ധ്യാപകനായ ശ്രീ. മയ്യനാട് ഷാഹു ദ്ദീൻ, സമൂഹത്തിലും അതിന്റെ ഭാഗമായ ക്യാമ്പസിലും വായനകുറഞ്ഞുവരുന്ന തായി ചൂണ്ടിക്കാട്ടുന്നു. മുൻകാല ക്യാമ്പസുകളെ സജീവചർച്ചയുടെ കേന്ദ്രമാക്കി മാറ്റിയതിൽ ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ പങ്ക് നിസ്തുലമാണ്. ഇന്ന് സാഹിത്യം സമൂഹത്തിൽ ചർച്ചയേ അല്ലാതായിതീർന്നിരിക്കുന്നു. പഠനാനുബന്ധമല്ലാത്ത വായന ഇന്നന്യമായിരിക്കുന്നു. നമ്മുടെ ലൈബ്രറി അനന്തമായ സാധ്യതയുള്ള ഒന്നാണ്. അത് കുട്ടികൾ വേണ്ടവിധം ഉപയോഗിക്കുന്നില്ല.

### യാസിൻ അഷ്റഫ്

ഇന്ന് സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ കണ്ട് വരുന്ന സങ്കുചിതമായ വീക്ഷണത്തിലും അസഹിഷ്ണുതക്കും ഉള്ള പരിഹാരമായി വായ നയുടെ ആവശ്യകതയെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനായ ശ്രീ.യാസീൻ അഷ്റഫ് ഉയർത്തിപ്പിടിക്കുന്നു.

വായനയിൽ ഇന്ന് സംഭവിച്ചു കൊണ്ടിരിക്കുന്ന കുറവ് താൽകാലികമാണ്. അതി വിദൂരമല്ലാത്ത ഭാവിയിൽ ജനങ്ങൾ വായനയുടെ പ്രാധാന്യം മനസ്സിലാക്കുകയും, പൂർവ്വാധികം ശക്തിയോടെ തിരിച്ചു വരികയും ചെയ്യും. ഇന്ന് ദൃശ്യമാധ്യമങ്ങളിലും പുസ്തകങ്ങളിലും കണ്ട് വരുന്ന പൈങ്കിളി സാഹിത്യത്തോടുള്ള ആഭിമുഖ്യം ജന ങ്ങളുടെ ആസ്വാദനത്തിൽ സംഭവിച്ചിരിക്കുന്ന നിലവാരത്തകർച്ചയെയാണ് സൂചി പ്പിക്കുന്നത്. ദൃശ്യശ്രാവ്യ രീതിയിലുള്ള പുസ്തകങ്ങളുടെ ഉപയോഗം ഭാഷാപഠന ത്തിന് സഹായിക്കുമെങ്കിലും വായനക്ക്പകരമാവില്ല.

എം. അയ്യൂബ്


*ലൈബ്രറി വിഭാഗം*




# ലൈബ്രറി പരാതികളും വിശദീകരണവും

വിജ്ഞാനരേഖകൾ ശേഖരിക്കുകയും, സംരക്ഷിക്കുകയും, വിതരണം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് ലൈബ്രറികൾ. വായനക്കാർക്കാവശ്യമായ പുസ്തകങ്ങളും ആനുകാലികങ്ങളും, അതുപോലെയുള്ള മറ്റു വിജ്ഞാനരേഖകളും ശേഖരിച്ച് ആവശ്യമായ സമയത്ത് വായനക്കാർക്ക് ലഭ്യമാക്കുകയാണ് ലൈബ്രറികളുടെ പ്രധാന ലക്ഷ്യം.

ഈ ലക്ഷ്യം നിറവേറ്റണമെങ്കിൽ ലൈബ്രറി ശാസ്ത്രീയമായി സംവിധാനം ചെയ്യേണ്ടത് അത്യാവശ്യമാണ്. നമ്മുടെ കോളേജ് ലൈബ്രറി കുറേയൊക്കെ ശാസ്ത്രീയമായാണ് സംവിധാനം ചെയ്തിരിക്കുന്നത്. പുസ്തകങ്ങൾ വിഷയാടിസ്ഥാനത്തിൽ വർഗ്ഗീകരണം നടത്തുകയും, അവ എളുപ്പത്തിൽ കണ്ടെത്തുന്നതിനായി കാർഡ് കാറ്റലോഗ് തയ്യാറാക്കി വെക്കുകയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ ലൈബ്രറി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ ആവശ്യമായ കാര്യപരിപാടികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു.



ലൈബ്രറിയെ സംബന്ധിച്ചുള്ള ചർച്ചയിൽ ഉയർന്നുവന്നിട്ടുള്ള വിദ്യാർത്ഥികളുടെ പ്രശ്നങ്ങളോടുള്ള ലൈബ്രേറിയന്റെ പ്രതികരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

1. പ്രധാനപ്പെട്ട പല കൃതികളും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ലായെന്നും കോപ്പികൾ പരിമിതമാണെന്നുമുള്ളതാണ് ഒരു പരാതി.

സാധാരണ വായനക്കാവശ്യമായ എത്ര പ്രധാനപ്പെട്ട കൃതിയും സാമ്പത്തിക പരിമിതിമൂലം രണ്ടോ മൂന്നോ കോപ്പികൾ മാത്രമേ ലൈബ്രറിയിൽ വാങ്ങിക്കുകയുള്ളൂ. അതിനാൽ ഒരേ സമയത്ത് കുറേ വായനക്കാർ ഇത്തരം പുസ്തകങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ എല്ലാവർക്കും പ്രസ്തുത പുസ്തകം ലഭിക്കില്ലായെന്നത് സത്യം തന്നെ. ലൈബ്രറിയുടെ പരിമിതികൾ മനസ്സിലാകുന്നവർക്ക് ഈ പ്രശ്നത്തിൽ ലൈബ്രറിയുടെ നിസ്സഹായാവസ്ഥ എളുപ്പത്തിൽ മനസ്സിലാകുന്നതാണ്.

2. വിദ്യാർത്ഥികൾക്ക് പുസ്തകം സെലക്ട് ചെയ്യുവാൻ കഴിയുന്നില്ല എന്നതുകൊണ്ടാണ് പലർക്കും ലൈബ്രറിയിൽ വരുവാൻ താത്പര്യമില്ലാത്തതെന്നാണ് മറ്റൊരു പരാതി.

ഈ പ്രശ്നം രണ്ടു കാര്യങ്ങൾകൊണ്ടുണ്ടാകാം. ഒന്നുകിൽ പുസ്തകങ്ങൾ അലമാരയിൽ നിന്ന് നേരിട്ട് തെരഞ്ഞെടുക്കുവാനുള്ള സൗകര്യമില്ലാത്തതുകൊണ്ടാകാം. അല്ലെങ്കിൽ കാർഡ് കാറ്റലോഗിന്റെ സഹായത്തോടെ ആവശ്യമുള്ള പുസ്തകം കണ്ടെത്തുവാൻ കഴിയാത്തതുകൊണ്ടാകാം.

വിദ്യാർത്ഥികൾ പുസ്തകങ്ങൾ അലമാരയിൽനിന്ന് നേരിട്ട് തിരഞ്ഞെടുക്കുമ്പോൾ ഉണ്ടാകുന്ന ചില ബുദ്ധിമുട്ടുകളുണ്ട്. വർഗ്ഗീകരണ നമ്പറിന്റെ അടിസ്ഥാനത്തിൽ അലമാരകളിൽ ക്രമമായി അടുക്കിവെച്ചിരിക്കുന്ന പുസ്തകങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ നേരിട്ട് പുസ്തകങ്ങള് തിരഞ്ഞെടു

ക്കുമ്പോൾ അറിയാതെ സ്ഥാനം മാറിവെക്കുകയോ, മറ്റുള്ളവർക്ക് ലഭിക്കാതിരിക്കുവാൻ വേണ്ടി സ്ഥാനം മാറ്റിവെക്കുകയോ ചെയ്യുക പതിവാണ്. ഇങ്ങനെ സ്ഥാനം മാറികിടക്കുന്ന പുസ്തകങ്ങൾ കൃത്യമായ സ്ഥാനത്ത് പുസ്തകം തിരയുന്ന മറ്റു വിദ്യാർത്ഥികൾക്ക് ലഭിക്കുകയില്ല. ഇത്തരത്തിൽ സ്ഥാനം മാറികിടക്കുന്ന പുസ്തകങ്ങൾ കണ്ടെത്തി യഥാസ്ഥാനത്തു തന്നെ എത്തിക്കുക എന്നത് ശ്രമകരമായ ജോലിയാണ്. ദിവസവും എല്ലാ അലമാരകളും പരിശോധിച്ച് സ്ഥാനം തെറ്റിക്കിടക്കുന്ന പുസ്തകങ്ങൾ യഥാ സ്ഥാനത്ത് തന്നെ പുനഃക്രമീകരിക്കുക മാത്രമാണ് ഇതിനുള്ള ഏകപരിഹാരം. എന്നാൽ ജീവനക്കാരുടെ എണ്ണക്കുറവ് ഇതിന് തടസ്സം നിൽക്കുന്നു. എങ്കിലും പി.ജി.വിദ്യാർത്ഥികൾക്ക് പൂർണ്ണമായും ഡിഗ്രി വിദ്യാർത്ഥികൾക്ക് നിയന്ത്രിതമായും ആവശ്യമായ പുസ്തകങ്ങൾ അലമാരകളിൽ നിന്ന് നേരിട്ട് തിരഞ്ഞെടുക്കുവാനുള്ള സൗകര്യം നമ്മുടെ ലൈബ്രറിയിൽ ലഭ്യമാണ്.

കാർഡ് കാറ്റലോഗിന്റെ സഹായത്തോടെ പുസ്തകം കണ്ടെത്തുവാനും, ഉപയോഗിക്കുവാനും കഴിയാത്തതാണ് പ്രശ്നമെങ്കിൽ അതിന് വിദ്യാർത്ഥികൾ തന്നെയാണ് ഉത്തരവാദികൾ. കോളേജിൽ ഓരോ വർഷവും പുതുതായി വരുന്ന വിദ്യാർത്ഥികൾക്ക് ലൈബ്രറി എങ്ങനെ ഉപയോഗിക്കാമെന്നും, കാർഡ് കാറ്റലോഗിന്റെ സഹായത്തോടെ എങ്ങിനെ ആവശ്യമായ പുസ്തകങ്ങൾ കണ്ടെത്താമെന്നും വിശദമായി തന്നെ പറഞ്ഞുകൊടുക്കാറുണ്ട്. കൂടാതെ ലൈബ്രറി ഉപയോഗത്തെക്കുറിച്ചുള്ള ഒരു ലഘുലേഖയും അംഗത്വകാർഡിന്റെ കൂടെ വിദ്യാർത്ഥികൾക്ക് നൽകാറുണ്ട്. ഇതുകൊണ്ടൊന്നും പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ പ്രശ്ന പരിഹാരത്തിനായി ലൈബ്രേറിയനേയോ, അസിസ്റ്റന്റ് ലൈബ്രേറിയനേയോ സമീപിക്കാവുന്നതാണ്. എന്നാൽ ഇക്കാര്യത്തിനായി വരുന്നവർ വിരളമാണെന്ന് മാത്രം.

3. വായനക്കുപറ്റിയ സൗകര്യവും, സാഹചര്യവും, അന്തരീക്ഷവും ലൈബ്രറിയിലില്ല എന്നതാണ് അടുത്ത പരാതി.

സ്ഥലപരിമിതി കാരണം ഏറെ ബുദ്ധിമുട്ടുന്ന നമ്മുടെ ലൈബ്രറിയിൽ സൗകര്യപൂർവ്വം എല്ലാവർക്കും, പ്രത്യേകിച്ച് ഡിഗ്രിവിദ്യാർത്ഥികൾക്ക്, ഇരുന്ന് വായിക്കുവാനുള്ള സാഹചര്യമില്ലായെന്നത് ഒരു വസ്തുതയാണ്. ഈ ബുദ്ധിമുട്ട് നാം പുതിയ ലൈബ്രറി കെട്ടിടത്തിലേക്ക് മാറുന്നതോടെ പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്. എന്നാൽ ലൈബ്രറിയിൽ വായനക്കാവശ്യമായ ശബ്ദരഹിതമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് ലൈബ്രറിയിലെത്തുന്ന വായനക്കാർ തന്നെയാണ്.

4. ലൈബ്രറിയിലെ ജീവനക്കാർ ലൈബ്രറി ജോലിക്ക് യോഗ്യരാണെന്ന് തോന്നുന്നില്ല എന്നതാണ് മറ്റൊരഭിപ്രായം.

കോളേജ് ലൈബ്രറിയിൽ ലൈബ്രറി സയൻസിൽ യോഗ്യതയുള്ളവർ രണ്ടു പേർ മാത്രമേയുള്ളൂ. സർക്കാർ ഉത്തരവനുസരിച്ച് അത്രയേ പറ്റുകയുള്ളൂ. ബാക്കി വരുന്ന ജീവനക്കാർ ലൈബ്രറി സയൻസിൽ യാതൊരു പരിശീലനവും ലഭിച്ചിട്ടില്ലാത്തവരാണ്. ലൈബ്രറിയിൽ നിന്ന് ലഭിക്കുന്ന കുറച്ച് പരിശീലനവും അവരുടെ പരിചയത്തിൽ നിന്ന് ലഭിക്കുന്ന അറിവും വെച്ചാണ് അവർ ജോലി ചെയ്യുന്നത്. കോളേജ് ഓഫീസിലെ പ്യൂൺമാരിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച് ലൈബ്രറിയിലേക്ക് വരുന്നവരാണ് ലൈബ്രറി അസിസ്റ്റന്റുമാർ. ഇവരിൽ ചിലർക്ക് അത്യാവശ്യ വിദ്യാഭ്യാസയോഗ്യത ഉണ്ടാകാം. എന്നാൽ മറ്റു ചിലർക്ക് വെറും എഴുത്തും വായനയും മാത്രമേ വശമുണ്ടാകുകയുള്ളൂ. ഇവർക്ക് ആവശ്യമായ പരിശീലനം നൽകി ലൈബ്രറിയെ കഴിയുന്നത്ര ഭംഗിയായി നടത്തുവാനാണ് ശ്രമിക്കുന്നത്. എന്നാൽ പരിശീലനം നൽകി ലൈബ്രറി ജോലികൾ ചെയ്യുവാൻ ഇവർ പ്രാപ്തരായി വരുമ്പോഴേക്കും എസ്.എസ്.എൽ.സി പാസായിട്ടുള്ളവർ പ്രമോഷൻ കിട്ടി കോളേജ് ഓഫീസിലേക്ക് തന്നെ ക്ലാർക്കായി മാറ്റപ്പെടുന്നു. ഈ സാഹചര്യത്തിൽ ലൈബ്രറിക്ക് എന്ത് ചെയ്യുവാൻ കഴിയും.

5. പി.ജി. സെക്ഷനിലെ ഫർണ്ണീച്ചറുകൾ പലതും വളരെ മോശമാണെന്നതും ഒരു പരാതിയാണ്.

പി.ജി.സെക്ഷനിലെ ഫർണ്ണീച്ചറുകളിൽ ചിലത് മോശമാണെന്നത് സത്യമാണ്. പക്ഷെ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഇവയിൽ പലതും മാറ്റിക്കൊണ്ടിരിക്കുന്നു. അഞ്ചു വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന ഇരുമ്പു കസേരകൾക്കു പകരം തേക്കുമരത്തിൽ ചാരും സീറ്റുമുള്ള കസേരകൾ കഴിയുന്നത്ര ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ആവശ്യത്തിനുള്ള കസേരകളും മേശകളും, അലമാരകളും, പീരിയോഡിക്കൽ റാക്കുകളുമുണ്ട്. പണ്ട് നിർമ്മിച്ചതായ ക്യൂബിക്കിളുകൾ ശാസ്ത്രീയമായല്ല സജ്ജീകരിച്ചിരിക്കുന്നതെന്ന വസ്തുത അറിയാമെങ്കിലും അവ പെട്ടെന്ന് മാറ്റുവാൻ പറ്റാത്ത അവസ്ഥയിലാണുള്ളത്.

ഇപ്പോൾ പണി കഴിഞ്ഞുകൊണ്ടിരിക്കുന്ന ലൈബ്രറിയുടെ പുതിയ കെട്ടിടത്തിൽ എല്ലാ ആധുനിക സൗകര്യങ്ങളും സജ്ജീകരണങ്ങളും നടപ്പാക്കുവാൻ ശ്രമിച്ചുവരുന്നു. എല്ലാ വിദ്യാർത്ഥികളുടെയും, പ്രത്യേകിച്ച് ഡിഗ്രി വിദ്യാർത്ഥികളുടെ ഇപ്പോഴുള്ള പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

*അമേരിക്കയിലെ ന്യൂജയ്സിയിൽ വൈറ്റ്ഹൗസ് സ്റ്റേറ്റർ എന്ന പട്ടണത്തിലെ ഒരു ബുക്ക് ഡിപ്പോയിൽ 5 ബില്ലിംഗ് കൗണ്ടറുകൾ ഉണ്ടായിരുന്നിട്ടും ഇരുപത് മിനുട്ടിലധികം പുസ്തകവുമായി കാത്തു നിൽക്കേണ്ടി വന്നു, എനിക്ക് ബിൽ കിട്ടാനും പണമടക്കാനും. പുസ്തകവും വായനയും ഇല്ലാതാകുമെന്ന് ഞാൻ കരുതുന്നില്ല.*

*എം.ടി*